(സി) ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സംവിധാനം നടപ്പാക്കിയത് സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ആണ്. ഇതിന്റെ ഓൺലൈൻ പേയ്മെന്റ് സേവനം കെൽട്രോണിന്റെ ശിപാർശയിന്മേൽ India Ideas.com Ltd. എന്ന സ്ഥാപനമാണ് നൽകുന്നത്.

(ഡി) നിലവിൽ 30 ദിവസം മുൻകൂറായി യാത്രക്കാർക്ക് ടിക്കറ്റ് റിസർവ് ചെയ്യാൻ സാധിക്കും. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ സംബന്ധമായ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി കേന്ദ്ര ആസ്ഥാനമായ ട്രാൻസ്പോർട്ട് ഭവനിൽ 6.00 മണി മുതൽ 22.00 മണി വരെ പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്.

റോഡ് സേഫ്റ്റി അതോറിറ്റിയുടെ പദ്ധതികൾ

228 (4563) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ ;

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പദ്ധതികൾക്ക്/സ്കീമുകൾക്ക് ധനസഹായമനുവദിക്കുന്നതിന്റെ മാനദണ്ഡവും മാർഗ്ഗരേഖയും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ വഴി നടപ്പാക്കിയ പദ്ധതികളും പദ്ധതികൾക്ക് അനുവദിച്ച തുകയും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ട്-2007, വകുപ്പ് 13(എ) മുതൽ 13(എച്ച്) വരെയുള്ള റോഡ് സുരക്ഷ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച താഴെപ്പറയുന്ന നിബന്ധനകൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നത് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) റോഡ് സുരക്ഷാ പരിപാടികൾക്ക് ;

(ബി) റോഡ് സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടിക്ക് ;

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ;

(ഡി) റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികളിലുള്ള അംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന് ;

(ഇ) ടോമ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ;

(എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ;

(ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിന് ;

(എച്ച്) നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിന്

റോഡ് സുരക്ഷാ ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖ അടങ്ങിയ സർക്കുലർ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.* അതോറിറ്റിയുടെ സ്റ്റേറ്റ് ഹോൾഡിംഗ് വകുപ്പുകൾ, മറ്റ് ഏജൻസികൾ എന്നിവർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് മീറ്റിംഗിലും ഗതാഗത വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള അതോറിറ്റി മീറ്റിംഗിലും അജണ്ടയായി വയ്ക്കുകയും പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ടുകൾ നൽകിവരുകയും ചെയ്യുന്നു.

വാഹന അപകടങ്ങൾമൂലമുള്ള മരണങ്ങളുടെ വർദ്ധനവ്

229 (4564) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന അപകടങ്ങൾമൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) മോട്ടോർ വാഹന വകുപ്പ് ഡ്രൈവർമാർക്കായി നടത്തിയിരുന്ന ബോധവത്ക്കരണ ക്ലാസ്സുകൾ ഇപ്പോൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ; മുടക്കം കൂടാതെ ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly